**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1878** **13-02-2025 - ൽ മറുപടിയ്ക്ക്**

**കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ജീവനക്കാർക്ക് ശമ്പളം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. സജീവ് ജോസഫ്</td><td colspan="2">ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ജീവനക്കാർക്ക് കൃത്യമായി പ്രതിമാസ ശമ്പളം വിതരണം ചെയ്യുന്നുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ;</td><td>(എ)</td><td>കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് 2024-2025 സാമ്പത്തിക വർഷത്തിൽ നോൺ പ്ലാൻ ബഡ്ജറ്റ് വിഹിതമായി നോൺ പ്ലാൻ ഇനത്തിൽ ചുവടെ നൽകിയ പട്ടിക പ്രകാരം തുക അനുവദിച്ചിരുന്നു.
<table>
<tr><th>SL NO</th><th>PLAN / NON PLAN</th><th>Budget Provision</th><th>Amount Sanctioned</th></tr>
<tr><td>1</td><td>NON PLAN (2204-00-104-97-31) SALARY<br><br>Grant-in-Aid - General - Salary</td><td>10,82,40,000/-</td><td>11,14,23,000/-</td></tr>
<tr><td>2</td><td>NON PLAN NON SALARY (2204-00-104-97-36)<br><br>Grant-in-Aid - General - Non Salary</td><td>5,73,71,000/-</td><td>5,73,71,000/-</td></tr>
</table>
കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ ജീവനക്കാർക്ക് 2024 നവംബർ മാസം വരെയുള്ള ശമ്പളവും പെൻഷൻകാർക്ക് 2024 ഒക്ടോബർ മാസം വരെയുള്ള മുഴുവൻ പെൻഷനും 2024 നവംബർ മാസത്തെ പെൻഷൻ ഭാഗികമായും വിതരണം ചെയ്തിട്ടുണ്ട് എന്ന് സ്പോർട്സ് കൗൺസിൽ അറിയിച്ചിട്ടുണ്ട്.<br><br>പ്രസ്തുത ശീർഷകത്തിൽ അധിക തുക ലഭ്യമാക്കി ശമ്പളവും പെൻഷനും അനുവദിയ്ക്കുന്നതിനുള്ള പ്രൊപ്പോസലുകൾ സർക്കാർ പരിശോധിച്ചു വരുന്നു.</td></tr>
<tr><td>(ബി)</td><td>കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പെൻഷൻകാർക്കും കുടുംബ പെൻഷൻകാർക്കും കൃത്യമായി പ്രതിമാസ പെൻഷൻ വിതരണം</td><td>(ബി)</td><td>കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് 2024-2025 സാമ്പത്തിക വർഷത്തിൽ നോൺ പ്ലാൻ ബഡ്ജറ്റ് വിഹിതമായി നോൺ പ്ലാൻ ഇനത്തിൽ ചുവടെ നൽകിയ പട്ടിക പ്രകാരം തുക അനുവദിച്ചിരുന്നു.
<table>
<tr><th>SL</th><th>PLAN / NON</th><th>Budget</th><th>Amount</th></tr>
</table></td></tr>
</table>

<table>
<tr>
<td></td>
<td>ചെയ്യുന്നുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ; കൃത്യമായി പെൻഷൻ വിതരണം ചെയ്യുന്നതിനുള്ള എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ;</td>
<td></td>
<td>
<table>
<tr><th>NO</th><th>PLAN</th><th>Provision</th><th>Sanctioned</th></tr>
<tr><td>1</td><td>NON PLAN (2204-00-104-97-31) SALARY<br><br>Grant-in-Aid - General - Salary</td><td>10,82,40,000/-</td><td>11,14,23,000/-</td></tr>
<tr><td>2</td><td>NON PLAN NON SALARY (2204-00-104-97-36)<br><br>Grant-in-Aid - General - Non Salary</td><td>5,73,71,000/-</td><td>5,73,71,000/-</td></tr>
</table>
കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ ജീവനക്കാർക്ക് 2024 നവംബർ മാസം വരെയുള്ള ശമ്പളവും പെൻഷൻകാർക്ക് 2024 ഒക്ടോബർ മാസം വരെയുള്ള മുഴുവൻ പെൻഷനും 2024 നവംബർ മാസത്തെ പെൻഷൻ ഭാഗികമായും വിതരണം ചെയ്തിട്ടുണ്ട് എന്ന് സ്പോർട്സ് കൗൺസിൽ അറിയിച്ചിട്ടുണ്ട്.
പ്രസ്തുത ശീർഷകത്തിൽ അധിക തുക ലഭ്യമാക്കി ശമ്പളവും പെൻഷനും അനുവദിയ്ക്കുന്നതിനുള്ള പ്രൊപ്പോസലുകൾ സർക്കാർ പരിശോധിച്ചു വരുന്നു.
</td>
</tr>
<tr>
<td>(സി)</td>
<td>2013 മുതൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സർവീസിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ;</td>
<td>(സി)</td>
<td>കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിൽ നിന്നും 2013 മുതൽ 2021 വരെ വിരമിച്ച എല്ലാ പെൻഷൻകാർക്കും ഡി. സി. ആർ. ജി. അനുവദിച്ചു നൽകിയിട്ടുണ്ട്. മറ്റ് പെൻഷൻ അനുകൂല്യങ്ങൾ അനുവദിയ്ക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.</td>
</tr>
<tr>
<td>(ഡി)</td>
<td>കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സർവീസിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നത് സംബന്ധിച്ച് ഹൈക്കോടതി വിധി പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത വിധിയിന്മേൽ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;</td>
<td>(ഡി)</td>
<td>
ഉണ്ട്.
കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിലെ പെൻഷൻകാരുടെ പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട ചുവടെ പറയുന്ന കേസുകളിൽ ബഹു. ഹൈക്കോടതി വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ട്.
1)WP(C) NO.22511 OF 2022 FILED BY SREEKUMAR & OTHERS
2)WP(C) NO 32036 OF 2022 FILED BY Beerankuttty & OTHERS
3)WP(C) NO 33384 OF 2022 FILED BY Shaji P Mohammmed & OTHERS
WP(C) NO. 22511 OF 2022 FILED BY SREEKUMAR & OTHERS ഫയൽ ചെയ്ത കേസിൽ 2014 മുതൽ 2021 വരെ സർവീസിൽ നിന്നു
</td>
</tr>
</table>

| | | | |
|---|---|---|---|
| | | | വിരമിച്ച 52 ജീവനക്കാർക്ക് ഡി.സി.ആർ.ജി. ഇനത്തിൽ 4,05,02,817/- രൂപ അനുവദിച്ചിട്ടുണ്ടെന്ന് സ്പോർട്സ് കൗൺസിലിൽ നിന്നും അറിയിച്ചിട്ടുണ്ട്.<br><br>2016 ലെ 10-ാം ശമ്പള കമ്മീഷൻ പ്രകാരം കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ ശമ്പള പരിഷ്കരണം നടപ്പാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെങ്കിലും പെൻഷൻ പരിഷ്കരണത്തിന് അനുമതി നൽകിയിരുന്നില്ല.<br><br>കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിനു കുടിശ്ശിക സംബന്ധിച്ച കോടതിയലക്ഷ്യ കേസുമായി ബന്ധപ്പെട്ട് അടിയന്തിര സഹായമായി 2 കോടി രൂപയും ഈ സാമ്പത്തിക വർഷം അനുവദിച്ചിരുന്നു. |
| (ഇ) | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സർവീസിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യുവാനുള്ള നടപടികൾ സർക്കാർ കൈകൊണ്ടിട്ടുണ്ടോ; കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ജീവനക്കാർക്കും, പെൻഷൻകാർക്കും പത്താം ശമ്പള പരിഷ്കരണ പ്രകാരമുള്ള കുടിശ്ശിക പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ; | (ഇ) | ഉണ്ട്.<br><br>കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിലെ പെൻഷൻകാരുടെ പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട ചുവടെ പറയുന്ന കേസുകളിൽ ബഹു. ഹൈക്കോടതി വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>1)WP(C) NO.22511 OF 2022 FILED BY SREEKUMAR & OTHERS<br><br>2)WP(C) NO 32036 OF 2022 FILED BY Beerankuttty & OTHERS<br><br>3)WP(C) NO 33384 OF 2022 FILED BY Shaji P Mohammmed & OTHERS<br><br>WP(C) NO. 22511 OF 2022 FILED BY SREEKUMAR & OTHERS ഫയൽ ചെയ്ത കേസിൽ 2014 മുതൽ 2021 വരെ സർവീസിൽ നിന്നു വിരമിച്ച 52 ജീവനക്കാർക്ക് ഡി.സി.ആർ.ജി. ഇനത്തിൽ 4,05,02,817/- രൂപ അനുവദിച്ചിട്ടുണ്ടെന്ന് സ്പോർട്സ് കൗൺസിലിൽ നിന്നും അറിയിച്ചിട്ടുണ്ട്.<br><br>2016 ലെ 10-ാം ശമ്പള കമ്മീഷൻ പ്രകാരം കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ ശമ്പള പരിഷ്കരണം നടപ്പാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെങ്കിലും പെൻഷൻ പരിഷ്കരണത്തിന് അനുമതി നൽകിയിരുന്നില്ല.<br><br>കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിനു കുടിശ്ശിക സംബന്ധിച്ച കോടതിയലക്ഷ്യ കേസുമായി ബന്ധപ്പെട്ട് അടിയന്തിര സഹായമായി 2 കോടി രൂപയും ഈ സാമ്പത്തിക വർഷം അനുവദിച്ചിരുന്നു. |
| (എഫ്) | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ജീവനക്കാർക്കും, പെൻഷൻകാർക്കും പതിനൊന്നാം ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ; | (എഫ്) | ഇല്ല.<br><br>പത്താം ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട സ്പോർട്സ് കൗൺസിലിന്റെ ആനുകൂല്യങ്ങൾ സാധൂകരിക്കപ്പെട്ടിട്ടില്ലാത്തതാണ്. ഈ സംബന്ധിച്ച കോടതി വ്യവഹാരം നിലനിൽക്കുന്ന സാഹചര്യം കണക്കിലെടുത്ത് സ്പോർട്സ് കൗൺസിലിലെ ജീവനക്കാരുടെ പതിനൊന്നാം ശമ്പള പരിഷ്കരണ നടപടികൾ നിലവിൽ നടപ്പിലാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| | ആയത് നടപ്പാക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നടപടി സർക്കാർ കൈക്കൊണ്ടിട്ടുണ്ടോ? | | |

സെക്ഷൻ ഓഫീസർ